**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6013** | **09-07-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ തനത് കാർഷിക ഉല്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | ഉണ്ട്;<br><br>കേരളത്തിന്റെ തനത് കാർഷിക ഉല്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:<br><br>1) വ്യവസായ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Minsters Formalization of Micro Food Processing Enterprises) പദ്ധതി വഴി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാ ബന്ധിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. വ്യക്തിഗത സംരംഭങ്ങൾക്ക് പദ്ധതി പ്രകാരമുള്ള സ്ഥിര മൂലധനത്തിന്റെ 35% പരമാവധി 10 ലക്ഷം രൂപ വരെയാണ് സബ്സിഡി.<br><br>ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ആവശ്യമായ സഹായ സഹകരണങ്ങൾക്കു നോഡൽ ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ പദ്ധതി നിർവ്വഹണത്തിൽ ജില്ലാ നോഡൽ പോയിന്റായി പ്രവർത്തിക്കുന്നു. ഗുണഭോക്താക്കൾക്ക് ഹാൻഡ് ഹോൾഡിംഗ് പിന്തുണ ലഭ്യമാക്കുന്നതിനായി ജില്ലാ തലത്തിൽ റിസോഴ്സ് പേഴ്സൺസിനെ (D.R.P.) നിയമിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനും, ബാങ്ക് വായ്പ എടുക്കുന്നതിനും, FSSAI യുടെ ഭക്ഷ്യ മാനദണ്ഡങ്ങളും, ഉദ്യോഗ് ആധാർ, ജി.എസ്.ടി. തുടങ്ങിയുള്ള ആവശ്യമായ രജിസ്ട്രേഷനും ലൈസൻസുകളും നേടുന്നതിനും ഈ റിസോഴ്സ്പേഴ്സൺ വ്യക്തിഗത യൂണിറ്റുകൾക്കും സംഘങ്ങൾക്കും ഹാൻഡ് ഹോൾഡിംഗ് പിന്തുണ നൽകുന്നതാണ്. |

പ്രസ്തുത പദ്ധതി പ്രകാരം ആരംഭിക്കുന്ന സംരംഭങ്ങൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങളും ധനസഹായങ്ങളും താഴെ പറയുന്നു.

**വ്യക്തിഗത സംരംഭങ്ങൾക്കുള്ള ക്രെഡിറ്റ്-ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി -** പദ്ധതി പ്രകാരമുള്ള സ്ഥിര മൂലധനത്തിന്റെ 35% പരമാവധി പരിധി 10 ലക്ഷം രൂപ.

**ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPOs)/പ്രൊഡ്യൂസർ കോപ്പറേറ്റീവ്സ്**

പദ്ധതി പ്രകാരമുള്ള സ്ഥിര മൂലധനത്തിന്റെ 35% ക്രെഡിറ്റ്-ലിങ്ക്ഡ് ക്യാപിറ്റൽ സബ്സിഡി

**സ്വയം സഹായ ഗ്രൂപ്പുകൾ (സ്വയം സഹായ സംഘങ്ങൾ) -** പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്വാശ്രയസംഘത്തിലെ ഓരോ അംഗത്തിനും 40,000 രൂപ ഈ പദ്ധതി പ്രകാരം നൽകും

**വ്യക്തിഗത SHG അംഗത്തിനുള്ള പിന്തുണയും സ്വാശ്രയ തലത്തിലുള്ള ഫെഡറേഷനു മൂലധന നിക്ഷേപത്തിനുള്ള പിന്തുണയും -** ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് @ 35% പരമാവധി തുക 10 ലക്ഷം രൂപ.

**പൊതു ഇൻഫ്രാസ്ട്രക്ചറിനുള്ള സഹായം -** എഫ്പിഒകൾ, സ്വാശ്രയസംഘങ്ങൾ, സഹകരണസംഘങ്ങൾ, ഏതെങ്കിലും സർക്കാർ ഏജൻസി അല്ലെങ്കിൽ സ്വകാര്യ സംരംഭങ്ങൾ എന്നിവയ്ക്ക് 35% ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ് പരമാവധി 3 കോടി രൂപ നൽകുന്നു. പദ്ധതി ചെലവ് 10 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

**ബ്രാൻഡിംഗ്, മാർക്കറ്റിംഗ് എന്നിവയ്ക്കുള്ളസഹായം-** എഫ്പിഒകൾ / സ്വാശ്രയസംഘങ്ങൾ / സഹകരണ സംഘങ്ങൾ അല്ലെങ്കിൽ മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസുകളുടെ SPV എന്നിവയ്ക്കാണ് സഹായം നൽകുന്നത്. പദ്ധതി ചെലവിന്റെ 50% ആണ് പരമാവധി സഹായം.

2) **പ്രദർശനമേളകൾ**: സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് സഹായിക്കുന്നതിനായി ജില്ലകളിൽ MSME എക്സിബിഷനുകൾ നടത്തിവരുന്നു. ഇത് കൂടാതെ സംരംഭകർക്ക് ആവശ്യമായ യന്ത്രങ്ങൾ പരിചയപ്പെടുത്തുന്നതിന് സംസ്ഥാനതലത്തിൽ മെഷീനറി എക്സ്പോയും ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ

പ്രദർശനവിപണനത്തിനായി അഗ്രോ-ഫുഡ്പ്രൊ-യും നടത്തിവരുന്നു.

കൂടാതെ വ്യവസായ വാണിജ്യ വകുപ്പ് മുഖാന്തരം നടപ്പിലാക്കി വരുന്ന താഴെപ്പറയുന്ന വിവധ ധനസഹായ പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ കേരളത്തിന്റെ തനത് കാർഷിക ഉല്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും ലഭ്യമാണ്:

1. സംരംഭക സഹായ പദ്ധതി

2. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി

3. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി

4. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി

5. നിലവിലുള്ള എം എസ് ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനു സഹായം നൽകുന്ന പദ്ധതി

6. തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവും ആയ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി

7. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)

**കിൻഫ്ര**

കേരളത്തിന്റെ തനത് കാർഷിക ഉല്പന്നങ്ങളിൽ അധിഷ്ഠിതമായ ഭക്ഷ്യ സംസ്കരണവും മൂല്യവർദ്ധിത പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന്, സംസ്ഥാനത്ത് "ഫുഡ് പാർക്കുകൾ" എന്ന പേരിൽ ഭക്ഷ്യ സംസ്കരണ മേഖലയ്ക്ക് പ്രത്യേകമായി കിൻഫ്ര വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിൽ കിൻഫ്ര ഭക്ഷ്യ സംസ്കരണ പാർക്ക്, മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിൽ സ്പെഷ്യൽ എക്കണോമിക് സോൺ (അഗ്രോ പ്രോസസ്സിംഗ്), പത്തനംതിട്ട ജില്ലയിലെ അടൂരിൽ കിൻഫ്ര ഭക്ഷ്യ സംസ്കരണ പാർക്ക്, എറണാകുളം ജില്ലയിലെ മഴവന്നൂരിൽ കിൻഫ്ര ചെറുകിട വ്യവസായ പാർക്ക് - ഫുഡ് സോൺ,

| | | | |
|---|---|---|---|
| | | | പാലക്കാട് ജില്ലയിലെ കോഴിപ്പാറയിൽ കിൻഫ്ര മെഗാ ഫുഡ് പാർക്ക്, കിൻഫ്ര സീഫുഡ് പാർക്ക് (സംയുക്തസംരംഭം) അരൂർ, ആലപ്പുഴ, തുടങ്ങിയ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>കിൻഫ്ര ഇടുക്കി ജില്ലയിലെ തൊടുപുഴ മുട്ടത്ത് കിൻഫ്ര സ്പൈസസ് പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. സുഗന്ധവ്യഞ്ജന ഉൽപന്നങ്ങളുടെ മൂല്യവർദ്ധന, അതുവഴി കർഷകർക്ക് മികച്ച വിലയും സ്ഥിരമായ വിപണിയും ലഭിക്കുന്നതിന് സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് കിൻഫ്ര ഈ പാർക്ക് വികസിപ്പിക്കുന്നത്. പ്രസ്തുത പാർക്ക് ഇടുക്കി മേഖലയിലെ സുഗന്ധവ്യഞ്ജന കർഷകർക്ക് ഊർജ്ജം പകരുന്നതോടൊപ്പം സംരംഭകർക്ക് സുഗന്ധവ്യഞ്ജന വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രസ്തുത പാർക്കിൽ അവസരം ലഭിക്കും.<br><br>കാർഷിക ഉല്പന്നങ്ങളുടെ (നെല്ല്) മൂല്യവർദ്ധനം ലക്ഷ്യമാക്കി കിൻഫ്ര നടപ്പിലാക്കുന്ന പ്രധാന പദ്ധതിയാണ് റൈസ് ടെക്നോളജി പാർക്ക്. ഇതിന്റെ ഭാഗമായി പാലക്കാട് മെഗാഫുഡ് പാർക്കിൽ 5 ഏക്കർ സ്ഥലത്ത് ഒന്നാമത്തെ റൈസ് പാർക്കിന്റെയും ആലപ്പുഴയിലെ ചെങ്ങന്നൂരിൽ 5.2 ഏക്കറിൽ സ്ഥാപിക്കുന്ന രണ്ടാമത്തെ റൈസ് പാർക്കിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | മത്സ്യം മാംസം എന്നിവയെ വിവിധ ഉല്പന്നങ്ങളാക്കി മാറ്റാൻ കഴിയുന്ന സാങ്കേതിക വിദ്യ നമ്മുടെ ഗവേഷണ സ്ഥാപനങ്ങളിൽ വികസിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഉണ്ട്;<br><br>കേരളാ വെറ്റിനറി ആൻഡ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയ്ക്ക് കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന മീറ്റ് ടെക്നോളജി യൂണിറ്റ് മാംസാധിഷ്ഠിത ഭക്ഷ്യസംസ്കരണ മേഖലയിൽ ഗവേഷണം നടത്തുന്ന സ്ഥാപനമാണ്. കൂടാതെ കൊച്ചിയിൽ പ്രവർത്തിക്കുന്ന സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി എന്ന സ്ഥാപനം മത്സ്യ സംസ്കരണ മേഖലയിൽ ഗവേഷണം നടത്തുന്ന സ്ഥാപനമാണ്. ഈ ഗവേഷണസ്ഥാപനങ്ങൾ വികസിപ്പിച്ചിട്ടുള്ള സാങ്കേതിക വിദ്യ മത്സ്യം, മാംസം എന്നിവയിൽ അധിഷ്ഠിതമായ വ്യവസായ സംരംഭകർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ